# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 2828

27.01.2014 ൽ മറുപടിക്ക്

### ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് പുതിയ പദ്ധതികൾ

**ചോദ്യം**

**ശ്രീ. സി.എഫ്.തോമസ്**
**ശ്രീ. റ്റി.യു.കുരുവിള**
**ശ്രീ. തോമസ് ഉണ്ണിയാടൻ**

എ) ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് ഈ സർക്കാർ നടപ്പാക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

ബി) ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ അന്തർദേശീയ നിലവാരത്തിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എ.പി.അനിൽകുമാർ**
**(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)**

എ) ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് പ്രാധാന്യം നൽകി ഈ സർക്കാർ നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികൾ താഴെ ചേർക്കുന്നു.

1. കേരള സീപ്ലെയിൻ പ്രോജക്ട്
2. ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട്.
3. കോവളം, കുമരകം, തേക്കടി, ഫോർട്ട് കൊച്ചി, അഷ്ടമുടി, കാലടി, മലയാറ്റൂർ, അതിരപ്പള്ളി, നിലമ്പൂർ, കക്കയം, പെരുവണ്ണാമൂഴി, ഗോൾഡൻ വാലി എന്നീ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു.
4. സ്പൈസ് റൂട്ട് ഇൻ മലബാർ സോൺ.
5. ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളിൽ സാധ്യതാപഠനം നടത്തി അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ.

ബി) ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ അന്തർദേശീയ നിലവാരത്തിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ എയർപോർട്ടുകളിൽ നിലവിലുള്ള ഇൻഫർമേഷൻ കൗണ്ടറുകൾ അന്തർദേശീയ നിലവാരത്തിൽ ഉയർത്തുന്നതിനും അതിനെ ബ്രാൻഡ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി PPP മോഡലിലുള്ള (പൊതു-സ്വകാര്യ-പങ്കാളിത്തം) പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു.

സെക്ഷൻ ഓഫീസർ